
# THE BIBLE TRUTH

SEPTEMBER YEAR: 2022



# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദുത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 37** | **September 2022** | **No.09**

## എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും കണ്ടുവരുന്നതും വർദ്ധിച്ചു വരുന്നതും അക്രമ വാസനയാണ്. കൊച്ചു കുട്ടികൾ മുതൽ പ്രായമുള്ളവർ വരെ അടങ്ങുന്ന ഒരു സംഘത്തെ അടുത്തയിടെ പോലീസ് പിടി കുടുകയുണ്ടായി. ആക്രമിച്ചു കവർച്ച ചെയ്യുകയാണ് അവർ ചെയ്യുന്നത്. വളരെ ആസുത്രിതമായി പഠനം നടത്തി ചെയ്യുന്നതാണ് ഇത്തരം കവർച്ചകൾ. പണ്ടും ഇവ നടന്നിട്ടുണ്ട്. പക്ഷേ അതു കടുത്ത ദാരിദ്ര്യമോ പകയോ നിമിത്തം ആയിരുന്നു. പക്ഷേ ഇന്ന് അതല്ല കാരണം. സംഘമായി ചേർന്ന് അദ്ധ്വാനിക്കുന്നു. അതു നിയമവിരുദ്ധമായാണെന്ന വ്യത്യാസമാണുള്ളത്. നിയമപാലകരെ വെട്ടിച്ച് ഇത്തരം കവർച്ചക്കാർ അവരുടെ ഉദ്ദേശം പൂർത്തിയാക്കി കടക്കുന്നു. ഒരു ദേശത്തുള്ളവർ മറ്റൊരു ദേശത്തു ചെന്നു കവർച്ച നടത്തികൊണ്ടു പോയി നാട്ടിൽ ചെന്ന് വീതിച്ചെടുക്കുന്നു. പിടിക്കപ്പെട്ടില്ലെങ്കിൽ അതുകൊണ്ട് ജീവിക്കുന്നു. അതു തീരുമ്പോൾ വീണ്ടും അവർ മോഷണത്തിനിറങ്ങുന്നു. പിടിച്ചുപറി, മോഷണം, കവർച്ച എന്നിവ ജീവിതോപാധിയായി കണക്കാക്കിയിരിക്കുന്നവർ തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം വീപരീതമാകുമ്പോൾ എന്തായിരിക്കും എന്നോ അതിന്റെ അനന്തരഫലമെന്തെന്നോ ചിന്തിക്കുന്നില്ല. തങ്ങൾ ചെയ്യുന്ന ഈ പ്രവൃത്തി മൂലം നഷ്ടപ്പെടുന്നവരുടെ

ഹൃദയ വേദനകളുടെ അനന്തരഫലം എന്തായിരിക്കുമെന്നും അവർ ചിന്തിക്കുന്നില്ല.

ഇത്തരം ദുഷ്പ്രവൃത്തികളുടെ കാരണമെന്തെന്ന് നമുക്കു പരിശോധിക്കാം. ഒരു കാരണം സമൂഹത്തിൽ സൽപ്രവൃത്തികൾ കുറഞ്ഞുവരുന്നതാണ്. ഉച്ചനീചത്വം പെരുകിവരുന്നു. ഒരു ഭാഗത്ത് നിയമത്തെ മറികടന്ന് നികുതി വെട്ടിപ്പ് നടത്തി ലാഭമുണ്ടാക്കി ആഡംബരജീവിതം നയിക്കുകയാണ് ചിലർ. വേറെ ചിലർ കഠിനാദ്ധ്വാനത്താൽ സമ്പാദിക്കയും ലുബ്ധിച്ച് ജീവിച്ച് മിച്ചമുള്ളത് ആഡംബരത്തിനായി ഉപയോഗിക്കുന്നു. രണ്ടും സ്വാർത്ഥത കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് ഒരു പ്രത്യേക ആവശ്യം നേരിട്ടപ്പോൾ അവർ തങ്ങൾക്കുള്ളതു സ്വന്തം എന്ന് ആരും പറഞ്ഞില്ല. അവർ അവ തങ്ങളുടെ സഹസഹോദരങ്ങൾക്കു പങ്കിടുവാൻ മടിച്ചില്ല. അതുകൊണ്ട് മുട്ടുള്ളവർ ആരും അവരിൽ ഉണ്ടായിരുന്നില്ല. അവർ നിസ്വാർത്ഥമായ സഹോദര പ്രീതിയുള്ളവരായിരുന്നു. ഇന്ന് അധികം ആളുകളും സ്വന്തം കാര്യത്തിനു വേണ്ടി, സുഖത്തിനു വേണ്ടി, ക്ഷേമത്തിനു വേണ്ടി, വരും തലമുറക്കു വേണ്ടി കൂട്ടി വെക്കുവാൻ ആഗ്രഹിക്കുന്നവരാണ്. അപ്പോൾ ചിലർ അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ മറ്റു മാർഗ്ഗങ്ങൾ തേടുന്നു. നിയമം കൊണ്ട് മാത്രം ഇത്തരം ദുഷ്പ്രവൃത്തികൾ അടിച്ചമർത്താമെന്ന് കരുതരുത്. പ്രായോഗിക സമീപനമാണ് വേണ്ടത്. ദൈവേഷ്ടം എന്തെന്ന് തിരിച്ചറിയുകയും അതു പ്രായോഗികമാക്കുകയും വേണം. സത്യസന്ധമായ ജീവിതശൈലി തുടരുവാനായി ആളുകൾക്ക് ദൈവത്തിലും ദൈവത്തിന്റെ ഉപദേശത്തിലും ശരിയായ വിശ്വാസം ഉണ്ടാകണം. എങ്കിലേ നഷ്ടപരിഹാരം കാണാൻ കഴിയൂ.

അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം ഇല്ലാതാകും എന്നതു യാഥാർത്ഥ്യമാണ്. അതുപോലെ സമൃദ്ധിയിൽ ജീവിക്കുന്നവരുടെ ഹൃദയകാഠിന്യം വർദ്ധിക്കുമ്പോൾ അതു കാണുന്നവരുടെ ഹൃദയത്തിൽ അക്രമത്തിന്റെയും പിടിച്ചുപറിയുടെയും

ആഗ്രഹം ഉദിക്കും. മോഹമാണ് അവരെക്കൊണ്ട് പാപം ചെയ്യിക്കുന്നത്. സ്വാർത്ഥത കൊണ്ട് സമ്പാദിച്ചു കൂട്ടുന്നവരും മോഹം നിമിത്തമാണ് അങ്ങനെ ചെയ്യുന്നത്. മോഹവും മോഹഭംഗവും തമ്മിൽ ഏറ്റുമുട്ടുകയാണ് ഇന്ന് ലോകത്തിൽ. പകലും രാത്രിയും ഭേദമില്ലാതെ ഈ ദുഷ്പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ നിന്ന് ഈ തിന്മയെ തുടച്ചുനീക്കുവാൻ എല്ലാവരും ഉത്സാഹിക്കണം. മതചിന്തകൾ, ജാതിവ്യവസ്ഥകൾ, ഉയർന്ന, താഴ്ന്ന വ്യത്യാസങ്ങൾ, വർഗ്ഗ, നിറഭേദങ്ങൾ, ഭാഷാ വ്യത്യാസങ്ങൾ എന്നിവ കണക്കിലെടുക്കാതെ എല്ലാവരെയും ദൈവത്തിന്റെ സന്താനങ്ങളായി കാണണം. അതിനു ആളുകളുടെ അജ്ഞത നീങ്ങണം. അതിനു ദൈവിക പരിജ്ഞാനം ആവശ്യമാണ്. ദൈവവുമായുള്ള ബന്ധത്തിൽ മാത്രമെ ഇതിനു ശരിയായ പരിഹാരം കാണാൻ സാധിക്കു.

പഴയ നിയമകാലത്ത് ദൈവം പത്തു കല്പനകൾ കൊടുത്തിരുന്നു. അതിലൊന്ന് കൂട്ടുകാരന്റെ യാതൊന്നും മോഹിക്കരുത് എന്നും മറ്റൊന്ന് മോഷ്ടിക്കരുത് എന്നുമായിരുന്നു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവനെ കല്ലെറിഞ്ഞു കൊല്ലണം എന്നായിരുന്നു വ്യവസ്ഥ. പഴയ നിയമത്തിൽ ആ പ്രവൃത്തി ചെയ്താൽ മാത്രമേ കുറ്റമാകുന്നുള്ളു. എന്നാൽ പുതിയ നിയമത്തിൽ ഉള്ളിൽ വിചാരിച്ചാൽ പോലും ദൈവം അതു പാപമായി കണക്കിടും. അനേകം പേർക്ക് ഈ സത്യം അറിയുകയില്ല. അറിയാത്തവരെ ഉപദേശിക്കുകയാണ് സത്യം അറിഞ്ഞവർ ചെയ്യേണ്ടത്. അവർ സത്യം എന്ന ദൈവത്തിന്റെ ഉപദേശം വിശ്വസിച്ച് അനുസരിച്ച് ജീവിക്കുകയാണെങ്കിൽ തങ്ങളെ തന്നെ ദൈവത്തിനു ഏല്പിക്കും. സൽപ്രവൃത്തി ചെയ്യാൻ മടിക്കുകയില്ല. കൂട്ടുകാരന്റെ യാതൊന്നും മോഹിക്കയുമില്ല. മുട്ടുള്ളവൻ ഇല്ലാതവണ്ണം തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കിടും. അങ്ങനെ അക്രമത്തിനു പകരം സ്നേഹവും, പിടിച്ചുപറിക്കു പകരം പങ്കിടലും മനുഷ്യന്റെ സ്വഭാവമായി തീരും. സമൂഹത്തിൽ നന്മയും സമാധാനവും അതിന്റെ ഫലമായുണ്ടാകും.

★

# ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ?

J.C. ചോട്ട്

*ബൈ*ബിൾ ട്രുത്തിലെ ലേഖനങ്ങളായ ബൈബിളിലെ അത്ഭുതങ്ങൾ, സഭ, ആരാധനയിൽ ഉപകരണ സംഗീതം ഉപയോഗിക്കുന്നത് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും സംശയങ്ങളുമാണ് വായനക്കാരിൽ നിന്നും അധികവും കിട്ടുന്നത്. യോഹന്നാനാൽ യേശു സ്നാനപ്പെടുന്നതു മുതൽ പൗലൊസ് യേശുവിനോടു കൂടെ ഉണ്ടാകാതിരുന്നതു കൊണ്ട് അവന് എങ്ങനെ അപ്പൊസ്തലനാകാൻ കഴിയും എന്ന് ചിലർ ചോദിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം എഴുത്തുകളിലൂടെ വീണ്ടും വീണ്ടും ഉത്തരങ്ങൾ എഴുതിയിട്ടുണ്ട്. ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ? അവയിൽ ചിലതു ഞാൻ വീണ്ടും പറയാൻ പോകുകയാണ്. ഒന്നാമത്തെയും രണ്ടാമത്തെയും തവണ അതു വായിക്കാൻ പറ്റാതിരുന്നവർക്കു വേണ്ടി ഒരിക്കൽ കൂടെ എഴുതുകയാണ്, ശ്രദ്ധിക്കുമല്ലൊ.

ഈ സംശയങ്ങളുടേയും ചോദ്യങ്ങളുടേയും കാരണം എന്തെന്നാൽ മതസംഘടനകളും സമുദായങ്ങളും ആളുകളെ തെറ്റുപഠിപ്പിച്ചു വെച്ചിരിക്കുന്നതു കൊണ്ടാണ്. തെറ്റ് ശരി എന്നു വിശ്വസിച്ചിരിക്കുന്നവർ സത്യം കേൾക്കുമ്പോൾ സംശയിക്കുകയോ അതു തെറ്റാണെന്നു ധരിക്കുകയോ ചെയ്യും. അതു സ്വാഭാവികമാണ് അപ്പൊസ്തലനായ പൗലൊസിന്റെ കാലത്ത് ജീവിച്ചിരുന്ന ചിലർ സത്യത്തെ ഭോഷ്ക്കായും ഭോഷ്ക്കിനെ സത്യമായും വിശ്വസിച്ചിരുന്നതായി പറയുന്നുണ്ട് (റോമർ 1:25). ദൈവത്തിന്റെ അരുളിച്ചെയ്ത സത്യവചനത്തെ തള്ളിക്കളഞ്ഞ് ആളുകൾ മനുഷ്യരുടെ ഉപദേശങ്ങളെ പഠിപ്പിക്കുന്നു.

ഇന്ന് അത്ഭുതങ്ങൾ നടക്കുന്നുണ്ടോ? ഇന്ന് അത്ഭുതങ്ങൾ

എന്നു പറയുന്നവ അത്ഭുതങ്ങളേ അല്ല. ഒരാൾ കഷ്ടിച്ചു മരണത്തിൽ നിന്നു രക്ഷപ്പെട്ടാൽ ആളുകൾ പറയും അയാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന്. വാഹനാപകടത്തിൽ ഒരാൾ ഒഴിച്ച് മറ്റെല്ലാവരും മരിച്ചുപോയാൽ ആളുകൾ എന്തു പറയും? ഒരാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്നു വിലയിരുത്തും. പ്രപഞ്ചനിയമത്തിനു എതിരായി നടന്നിട്ടുള്ളതാണ് ബൈബിളിലെ അത്ഭുതങ്ങൾ. യേശുവും അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അവ ആളുകളെ വിശ്വസിപ്പിക്കുന്നതിനും ദൈവവചനം ഉറപ്പിക്കുന്നതിനും ആയിരുന്നു. യേശു ചെയ്ത അത്ഭുതങ്ങൾ അവന്റെ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിലായിരുന്നു, അതു കൂടിവന്നവരെ വിശ്വസിപ്പിക്കേണ്ടതിനായിരുന്നു. “ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേക അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതി എഴുതിയിരിക്കുന്നു” (യോഹന്നാൻ 20:30,31).

യേശുവിനെയും അപ്പൊസ്തലന്മാരെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു, “ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കർത്താവു അവരോടു കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു” (മർക്കൊസ് 16:19,20).

എന്തുകൊണ്ട് അത്ഭുതങ്ങൾ ആവശ്യമായിരുന്നു? അന്ന് പുതിയ നിയമം പൂർണ്ണമായി എഴുതപ്പെട്ടിരുന്നില്ല. അതുകൊണ്ട് കേൾക്കുന്നവരെ വിശ്വസിപ്പിക്കേണ്ടിയിരുന്നു. അവർ സംസാരിക്കുന്നതു ദൈവവചനമാണെന്നു ബോധ്യമാക്കുകയും ചെയ്യേണ്ടിയിരുന്നു. യേശു അത്ഭുതങ്ങൾ ചെയ്തു താൻ ദൈവപുത്രൻ

തന്നെ എന്നു തെളിയിച്ചു. അപ്പൊസ്തലന്മാർ സംസാരിച്ചത് ദൈവത്തിന്റെ വചനം തന്നെ ആണെന്ന് അത്ഭുതങ്ങൾ ചെയ്ത് തെളിയിച്ചുകൊടുത്തു. ക്രിസ്തുവിനു രോഗികളോടും ഭൂതബാധിതരോടും കുരുടന്മാരോടും അനുകമ്പയുണ്ടായിരുന്നു. എന്നാൽ അവൻ എല്ലാവരേയും സൗഖ്യമാക്കിയില്ല. പല അവസരങ്ങളിലും യേശുവും അപ്പൊസ്തലന്മാരും അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തതു അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നും തങ്ങൾ സംസാരിക്കുന്നത് ദൈവത്തിന്റെ വചനമാണെന്നും ബോധ്യപ്പെടുത്തി.

പരിശുദ്ധാത്മ സ്നാനം അപ്പൊസ്തലന്മാർക്കാണ് വാഗ്ദാനം ചെയ്തിരുന്നത്. യോഹന്നാൻ 14:16–26; യോഹന്നാൻ 15:26,27; 16:1–16 വായിക്കുക. പിന്നെ ലൂക്കൊസ് 24:46–49 ഉം പ്രവൃത്തികൾ 15:26,27; 16:1–16 വായിക്കുക. പിന്നെ ലൂക്കൊസ് 24:46–49 ഉം 1:8 ഉം വായിക്കുക. യെരുശലേമിൽ കൂടി വന്നിരുന്ന അപ്പൊസ്തലന്മാരിൽ ശക്തി വരികയും അവർ അവിടെ കൂടിവന്നിരുന്ന സകല ദേശക്കാരും ഭാഷക്കാരുമായിരുന്ന യെഹൂദന്മാരോട് അവരുടെ ഭാഷകളിൽ (അന്യഭാഷ) സംസാരിച്ചു (പ്രവൃത്തി 2:16). അതിന്റെ എല്ലാം ഫലമായി അപ്പൊസ്തലന്മാർക്ക് അവിടെ ഉണ്ടായിരുന്ന എല്ലാവരോടും പ്രസംഗിക്കുവാൻ കഴിഞ്ഞു. അതു വിശ്വസിച്ചവരോടു മാനസ്സാന്തരപ്പെട്ടു സ്നാനമേല്ക്കുവാൻ കല്പിക്കയും അന്ന് മൂവായിരം പേർ അവരുടെ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു രക്ഷിക്കപ്പെട്ടു അവരെ കർത്താവു തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തികൾ 2:37;38,41,47). അത്ഭുതത്തോടുകൂടെയാണ് സുവിശേഷം പൂർണ്ണതയോടെ പ്രസംഗിക്കാൻ തുടങ്ങിയത്.

പ്രവൃത്തികളുടെ പുസ്തകം തുടർന്നു വായിച്ചാൽ പത്രൊസും യോഹന്നാനും (അപ്പൊസ്തലന്മാർ) സുന്ദരം എന്ന ദൈവാലയ ഗോപുരത്തിൽ വെച്ചു ഒരു മുടന്തനെ സൗഖ്യമാക്കി (പ്രവൃത്തികൾ 3:1–10). അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ

ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു (പ്രവൃത്തികൾ 5:12). അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവരായ പ്രവൃത്തികൾ 6-ാം അദ്ധ്യായത്തിലെ ഏഴുപേരും അത്ഭുതങ്ങൾ ചെയ്തു അവരെ സഹായിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പു ലഭിച്ചവരും, കൂടാതെ കൊർന്നെല്യൊസിന്റെ ഭവനത്തിൽ ഉള്ളവർക്കും യെഹൂദന്മാരെ പോലെ ജാതികളെയും ദൈവം അംഗീകരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുവാനും അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട് (പ്രവൃത്തികൾ 10,11). മറ്റാർക്കും അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവു ലഭിച്ചിരുന്നില്ല. അപ്പൊസ്തലന്മാർക്കും അവരുടെ കൈവെപ്പു ലഭിച്ചവർക്കും പരിശുദ്ധാത്മ ശക്തിയുണ്ടായിരുന്നു. തുടർന്നു അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും മരണമടഞ്ഞു. അതിനു മുൻപ് പുതിയ നിയമം പുസ്തകരുപത്തിൽ എഴുതി പൂർത്തിയാവുകയും ചെയ്തു. അതുകൊണ്ട് പൂർണ്ണമായതു വന്നപ്പോൾ അംശമായതു നീങ്ങിപ്പോയി (1 കൊരിന്ത്യർ 13:8). ഇനി ആളുകൾ വിശ്വസിക്കേണ്ടതു ദൈവത്തിന്റെ വചനം കേട്ടിട്ടു വേണം. വചനം പൂർണ്ണമായി കിട്ടിയതുകൊണ്ട് ഇനി ഉറപ്പിക്കേണ്ട ആവശ്യമില്ല (റോമർ 10:17).

അതിനർത്ഥം ദൈവത്തിനു ഇന്നു അത്ഭുതം ചെയ്യാൻ കഴിയുകയില്ല എന്നാണോ? ഒരിക്കലുമല്ല. കാരണം ദൈവം സർവ്വശക്തനാണ്. അവന്നു എന്തും ചെയ്യാൻ കഴിയും. എന്നാൽ ഇപ്പോൾ അവന്റെ ഇഷ്ടമാണോ അല്ലയോ എന്നതാണ്. വാസ്തവത്തിൽ ദൈവം അത്ഭുതകരമായിട്ടാണ് ആകാശവും ഭൂമിയും അതിലുള്ള സകലവും സൃഷ്ടിച്ചത്. അതിൽ പുരുഷനും സ്ത്രീയും ഉൾപ്പെടുന്നു. എന്നിട്ട് പ്രത്യുല്പാദന ശേഷി കൊടുത്തു. ഓരോന്നിനും അതിന്റേതായാ തരത്തിൽ പ്രത്യുല്പാദനവും നടത്താൻ കഴിയുന്നു. വീണ്ടും ദൈവത്തിനു അത്ഭുതങ്ങളാൽ സൃഷ്ടിത്വും തുടരേണ്ട ആവശ്യമില്ല. അതുപോലെ ദൈവത്തിനു ഒരു നിയമം പ്രാബല്യത്തിൽ വരുത്തുവാനും ആളുകളെ ബോധ്യ

പ്പെടുത്തുവാനും അത്ഭുതങ്ങൾ ആവശ്യമായിരുന്നു. ആ ഉദ്ദേശം നിവർത്തിയാക്കുകയും ചെയ്തു. പിന്നീട് അതു ചെയ്യേണ്ട ആവശ്യമില്ല. അപ്പോൾ പിന്നെ രോഗികളെ ദൈവം സൗഖ്യമാക്കുകയില്ലേ എന്നു ചോദിച്ചേക്കാം. ദൈവം ചെയ്യുന്നതു ഡോക്ടർമാരിൽ കൂടെയും മരുന്നുകളിൽ കൂടെയും മറ്റും പ്രവർത്തിക്കുന്നു. നാം ദൈവത്തിൽ ഉറച്ചു വിശ്വസിച്ചാൽ അടയാളങ്ങളുടേയും അത്ഭുതങ്ങളുടേയും ആവശ്യമില്ല. ആത്മരക്ഷക്കും നിത്യജീവനും ദൈവം ഇന്നു വെച്ചിരിക്കുന്നതു ശക്തിയുള്ള അവന്റെ വചനമാണ്.

ഇന്നും അത്ഭുതം നടക്കുന്നു എന്ന് അവകാശപ്പെടുന്നവർ ഉണ്ട്. അവർക്കു മരിച്ചവരെ ഉയിർപ്പിക്കാനോ കുരുടർക്കു കാഴ്ച കൊടുക്കാനോ കയ്യുംകാലും നഷ്ടപ്പെട്ടവർക്ക് അവ തിരിച്ചു കൊടുപ്പാനോ കഴിയുകയില്ല. അതു സർവ്വ മനുഷ്യർക്കും അറിയാവുന്ന സത്യമാണ്. പക്ഷെ ആളുകൾ പലരും ബൈബിളിലെ അത്ഭുതങ്ങളുടെ ഉദ്ദേശത്തെയും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. പുതിയ നിയമത്തിൽ യേശുക്രിസ്തു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരും അവർ കൈവെച്ചവരും മാത്രമേ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തിരുന്നുള്ളു എന്നതു തർക്കമറ്റ സംഗതിയാണ്. ഇന്നു അത്ഭുതങ്ങൾ ചെയ്യുന്നതു ദൈവേഷ്ടമല്ല. അതിന്റെ ആവശ്യവുമില്ല. ദൈവേഷ്ടത്തിനു എതിരായി ചിന്തിക്കുന്നതു തന്നെ തെറ്റാണ്.

സഭയെ സംബന്ധിച്ച്, കർത്താവ് ഒരു സഭയാണ് പണിതത് (മത്തായി 16:18,19). ക്രിസ്തു സഭയുടെ രക്ഷിതാവാണ് (എഫെസ്യർ 5:23). അവൻ സഭയുടെ തലയാണ് (കൊലൊസ്യർ 1:18). അതു അവന്റെ പേരിനാൽ അറിയപ്പെടുന്നു (റോമർ 16:16), അവൻ വീണ്ടും വന്നു ആ സഭയെ പിതാവിനു ഏല്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24). അതു എന്നേക്കും നിലനില്ക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (ദാനിയേൽ 2:44). ആ സഭ ഇന്നും ഉണ്ട്. കർത്താവിന്റെ സുവിശേഷത്താൽ വിളിച്ചു വേർതിരിക്കു

ന്നവരുടെ കൂട്ടമാണ് സഭ. രക്ഷിക്കപ്പെടുന്നവരെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തികൾ 2:47).

ആരാധനയെ സംബന്ധിച്ച് നാം സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം. ആരാധനയുടെ ഭാഗമായി നാം ഹൃദയത്തിൽ കർത്താവിന്നു പാട്ടുപാടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു (എഫെസ്യർ 5:19; കൊലൊസ്യർ 3:16). പുതിയ നിയമത്തിൽ ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ടുപാടുന്ന മാതൃക നാം വായിക്കുന്നില്ല. സഭയുടെ ചരിത്രം പരിശോധിച്ചാൽ ആദ്യനൂറ്റാണ്ടിൽ വിശ്വാസികൾ പാട്ടുകൾ പാടിയിരുന്നു. ഉപകരണങ്ങൾ ഉപയോഗിച്ചതേയില്ല. മനുഷ്യർ പിന്നീട് പലതും കൂട്ടിച്ചേർത്തവയിൽ ഉപകരണങ്ങളും കടന്നുവരുന്നു. ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ളതാണ്. മനുഷ്യരുടെ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതും ദൈവാരാധനയിൽ ആകരുത്. ദൈവേഷ്ടം മാനിക്കുന്നവരെ മാത്രമേ ദൈവം ആഗ്രഹിക്കയുള്ളു.

യൂദയുടെ സ്ഥാനത്തേക്ക് മറ്റൊരാളെ അപ്പൊസ്തലന്മാർ തിരഞ്ഞെടുത്തപ്പോൾ പറയുന്നതു യോഹന്നാന്റെ സ്നാനം മുതൽ അവരോടൊപ്പം ഉണ്ടായിരുന്നവർ ആകേണം എന്നാണ്. അങ്ങനെ രണ്ടുപേരെ ചീട്ടിട്ടു മത്ഥിയാസിനെ തിരഞ്ഞെടുത്തു. എന്നാൽ പൗലൊസ് അപ്പൊസ്തലൻ ആയിരുന്നില്ലേ? തീർച്ചയായും. പൗലൊസ് തന്റെ അപ്പൊസ്തലത്തെക്കുറിച്ച് ആവർത്തിച്ച് ആവർത്തിച്ചു പറയുന്നുണ്ട് (1 കൊരിന്ത്യർ 1:1; ഗലാത്യർ 1:1; എഫെസ്യർ 1:1). “ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു” (2 തിമൊഥെയൊസ് 1:11). താൻ ജാതികളുടെ അപ്പൊസ്തലൻ എന്നു അവൻ പറയുന്നുണ്ട് (റോമർ 11:13). സഭയെ ഉപദ്രവിച്ചതുകൊണ്ട് താൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ എന്നു പറയുന്നുണ്ട് (1 കൊരിന്ത്യർ 15:9). ദൈവം നിയമിച്ചാക്കിയ ഒരാളെ നാം സംശയിക്കേണ്ടതില്ല. തിരുവെഴുത്തു ദൈവശ്വാസിയമാകയാൽ വിശ്വസനീയമത്രെ. “ഞാൻ അതിശ്രേ

ഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നതായി പൗലൊസ് പറഞ്ഞിട്ടുണ്ട്" (2 കൊരിന്ത്യർ 11:5).

★

# സത്യത്തിന്റെ സത്ത

## ബെറ്റി ബർട്ടൻ ചോട്ട്

"നിയമം" - ഭരണഘടന അഥവാ തത്വങ്ങൾ ആയി കണക്കാക്കാം അല്ലെങ്കിൽ സ്ഥാപിക്കപ്പെട്ട സംസ്കാരമാകാം. എന്നാൽ "സത്യം" ഒരു യോഗ്യത അല്ലെങ്കിൽ അവസ്ഥ മാറാതിരിക്കുന്നതാണ്. നിയമം മാനുഷികവും ദൈവികവുമായി തരംതിരിക്കാം. അതു പോലെയല്ല സത്യം. സത്യം ദൈവവും ദൈവം സത്യവുമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ പ്രമാണിമാർ നല്കി എന്നതുകൊണ്ടോ അല്ലെങ്കിൽ വിദ്യാഭ്യാസം ഉള്ളവർ നല്കി എന്നതിനാലോ അതു സത്യമാകണമെന്നില്ല. അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചേക്കാം. മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും ചില അടിസ്ഥാന തത്വങ്ങൾ സ്ഥിരമായിരിക്കുന്നു.

മനുഷ്യരുടെ ഇന്നത്തെ അവസ്ഥയിൽ കടന്നുകൂടിയിട്ടുള്ള ചിന്ത പറഞ്ഞു കേൾക്കുന്നതു "അതു നിങ്ങളുടെ ക്രിസ്തീയ വിശ്വാസമാണ്, അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസം ഞങ്ങളിൽ അടിച്ചേല്പിക്കാൻ ശ്രമിക്കരുത്" എന്നാണ്. ഇത് അവർക്കു യാഥാർത്ഥ്യം അറിയുവാനുള്ള ആഗ്രഹമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരിൽ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വരുന്നു (റോമർ 1:18). അവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥമായിത്തീരുന്നു. ദൈവത്തെ നിഷേധിച്ച് ആളുകൾ പാപത്തെ സ്വീകരിക്കുന്നു. അധാർമ്മിക ജീവിതം ഇഷ്ടപ്പെടുന്നവർ ആത്മിക സത്യത്തെ

തടുക്കുന്നു. ഒരാൾക്ക് യഥാർത്ഥ ഭാര്യയുള്ളപ്പോൾ മറ്റൊരു സ്ത്രീയോടു കൂടെ ജീവിക്കുവാൻ സത്യത്തെ അയാൾ എതിർക്കുന്നു. തെറ്റ് ചെയ്യുന്നതു കുറ്റമല്ല എന്ന രീതിയിൽ ന്യായീകരിക്കുന്നവർ അവർക്കു നേരിടുന്ന മാനസിക സംഘർഷത്തെ അവഗണിക്കയോ മൂടിവെക്കയോ ചെയ്യുന്നു.

മനുഷ്യചരിത്രം നാം പരിശോധിച്ചാൽ ഇത്തരം നിഷേധ ഭാവത്തോടെ ജീവിച്ചവർ നേരിട്ട ശാരീരികവും മാനസികവുമ വൈകാരികവുമായ അനുഭവങ്ങൾ അവരുടെ ക്രിയാത്മകത നഷ്ടപ്പെടുത്തിയതായി കാണാം. നേരെ മറിച്ച് തെറ്റും ശരിയും മനസ്സിലാക്കി തെറ്റിനെ ഉപേക്ഷിച്ച് ശരിയായതു പ്രവർത്തിച്ചവരുടെ കർമ്മശേഷി വർദ്ധിപ്പിച്ചിരുന്നു എന്നു കാണാം. അവരുടെ മനസ്സും ചിത്തവും നേരുള്ളതായിരുന്നതു കൊണ്ടാണത്. ദൈവിക നിയമം മനുഷ്യരുടെ ഉല്പത്തി മുതൽ നല്കിയിരിക്കുന്നത് നോക്കുക: ഇവ സത്യമാണെങ്കിലും അനവധി ആളുകൾ അവ പൂർണ്ണമായും സത്യമാണെന്നു വിശ്വസിച്ചിട്ടില്ല.

ഉദാഹരണമായി ഭോഷ്ക്ക് അഥവാ നുണ തെറ്റാണെന്നു എല്ലാവർക്കും അറിയാം. ചില ആളുകൾ ആത്മാർത്ഥതയില്ലയ്മയെ അനുവദിച്ചേക്കാം. ഒരു നല്ല കാര്യത്തിനു വേണ്ടി നുണ പറഞ്ഞാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരും കണ്ടേക്കാം. എന്നാലും നുണ നുണ തന്നെ. അതിന്റെ ഭവിഷത്തും വലുതാണ്. അതിനു അതിന്റേതായ സ്വാഭാവിക ഫലങ്ങളുണ്ട്. ഒരു വീട്ടിൽ ഒരാൾ നുണ പരിശീലിക്കുന്നവനാണെങ്കിൽ ആ വ്യക്തിയെ പൂർണ്ണമായി ആരാണ് വിശ്വസിക്കുക? ഏതെങ്കിലും രാജ്യത്തിലെ ഒരു സമൂഹം ഭോഷ്ക്ക് പറയുന്നവരാണെങ്കിൽ ആ സമൂഹം പുരോഗതി പ്രാപിക്കയില്ല. കാരണം അവർക്ക് മറ്റുള്ളവരുടെ വിശ്വസ്ത സഹായം പ്രതീക്ഷിക്കാൻ സാധ്യമല്ല. ക്രമേണ ഇത് ആർക്കെതിരെ ഉപയോഗിക്കുന്നുവോ അവർക്ക് ഇതു വേദനാജനകമാകുന്നു. സത്യത്തെ ലംഘിക്കുമ്പോൾ അതിന്റെ പ്രത്യാഘാതം ഒരാളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല.

മോഷണം പരമ്പരാഗതമായി തെറ്റു തന്നെയാണ്. ദേശത്തെ നിയമം അതിനെ മോഷണം എന്നു പറഞ്ഞില്ലെങ്കിലും അതു മോഷണം അല്ലാതാവുന്നില്ല. മറ്റൊരാളുടെ എന്തെങ്കിലും അപഹരിക്കുന്നത് തെറ്റു തന്നെയാണ്. കള്ളനെ ക്രമേണ പിടികൂടുകയും ശിക്ഷിക്കുകയും വേണം. അവന്റെ ദാരിദ്ര്യമാണ് അവനെക്കൊണ്ട് അതു ചെയ്യിച്ചതെന്ന ന്യായീകരണം കേൾക്കാം. എങ്കിലും അതു മോഷണം തന്നെയാണ്. സത്യത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്. തനിക്ക് അർഹതയില്ലാത്തതു അവൻ കവർന്നെടുക്കുന്നു എന്നതാണ് കുറ്റം.

നിരപരാധിയുടെ രക്തം ചൊരിയിക്കുന്നതു തെറ്റാണ്. ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കുന്നതു തെറ്റാണെന്ന കാര്യം വർഷങ്ങളോളം സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് അതു തെറ്റല്ലാതാകുന്നില്ല. ഭ്രൂണഹത്യ ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ, ഡോക്ടർമാർ ഉണ്ടായിട്ടുണ്ട്. പല കാരണങ്ങൾ കൊണ്ടാണ് അവർ അത് ചെയ്തിരുന്നത്. ഇന്നു ചില സ്ഥലങ്ങളിൽ സ്കാൻ ചെയ്തു പെൺകുട്ടിയാണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കാൻ ധൈര്യപ്പെടുന്നവരുണ്ട്. ആൺകുട്ടി ആണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കയുമില്ല. ഇത്തരം ക്രൂരകൃത്യങ്ങൾ വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവർക്കിടയിലാണ് സംഭവിക്കുന്നത്. നിരപരാധിയായ ശിശുഹത്യകൾ ആരെല്ലാം എന്തിനു വേണ്ടി എല്ലാം ചെയ്താലും അതു തെറ്റുതന്നെയാണ്. കുറ്റബോധത്തിൽ നിന്നും നഷ്ടബോധത്തിൽ നിന്നും ആ കുടുംബങ്ങൾക്കു കരകയറാൻ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. കാരണം സ്പഷ്ടം, സത്യത്തെ ലംഘിക്കുന്നതു കൊണ്ടാണ്.

കുടുംബത്തെ വേർപിരിക്കുന്നത് തെറ്റാണ്. ദൈവം ഉപേക്ഷിക്കാൻ അനുവദിക്കാതിരിക്കുന്നത് വിവാഹം കഴിഞ്ഞാൽ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു ജീവിക്കണം എന്നതുകൊണ്ടാണ്. ഭർത്താവ് ജീവനോടെയിരിക്കുമ്പോൾ ഭാര്യ വേറെ പുരുഷന്ന് ആയാൽ അതു വ്യഭിചാരമായിത്തീരും. ഭാര്യ ജീവനോടെ

യിരിക്കുമ്പോൾ ഭർത്താവ് മറ്റൊരു സ്ത്രീയെ സ്വീകരിച്ചാലും അത് വ്യഭിചാരമാകും. തന്നെയുമല്ല ഉടനെ അവർ ധാരാളം പ്രശ്നങ്ങൾ നേരിടും. അതിൽ ബന്ധപ്പെടുന്നവർ ആയുഷ്ക്കാലം മുഴുൻ കഷ്ടതയും വേദനയും അനുഭവിക്കും, പ്രത്യേകിച്ചു കുട്ടികൾ ഭയപ്പെടും. ഛിന്നഭിന്നമായ കുടുംബങ്ങൾ, ആവർത്തിച്ചുള്ള ഉപേക്ഷണങ്ങൾ പുനർവിവാഹം തുടങ്ങിയവ ആളുകളിൽ ശാരീരികവും വൈകാരികവും ലൈംഗികവുമായ അരാജകത്വം നടക്കും, തുടർന്നു വെറുപ്പും വിദ്വേഷവും വർദ്ധിച്ച് കുലപാതകത്തിലേക്കും നീങ്ങും. കുടുംബം മോശമായാൽ സമൂഹം മോശമാകും, സമൂഹം മോശമായാൽ രാജ്യവും മോശമാകും. അതു ആളുകൾ ഒരു സത്യത്തെ നിഷേധിക്കുന്നതുകൊണ്ടാണ്. കുടംബത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തിയാൽ ശാപമായിരിക്കും അനന്തരഫലം. ദൈവം അതു വിലക്കിയിരിക്കുന്നതിന്റെ കാരണം സ്പഷ്ടമാണ്.

ലൈംഗികത അധാർമ്മികത പരിശീലിക്കുന്നതു തെറ്റു തന്നെയാണ്. ദൈവം ആരംഭത്തിൽ തന്നെ ഒരു സത്യം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു പുരുഷന് ഒരു സ്ത്രീ. മനുഷ്യർക്ക് ഇതനുസരിച്ച് അനുഗ്രഹീത കുടുംബജീവിതം നയിക്കാം. പക്ഷെ ആളുകൾ ഒന്നിലധികം പേരെ വേണമെന്ന് ആഗ്രഹിച്ചാൽ എന്തു ചെയ്യും? ദൈവനിയമത്തെ ലംഘിച്ചാൽ ഫലം കഷ്ടതയും ദുരിതവും തന്നെ.

ജനനേന്ദ്രിയ രോഗങ്ങൾ അധികവും പിടിപെടുന്നത് വിവാഹേതര ലൈംഗികബന്ധം പുലർത്തുന്നവരിലാണ് അല്ലെങ്കിൽ എയ്ഡ്സ് രോഗം വരുവാനുള്ള കാരണവും മറ്റൊന്നല്ല. വിവാഹം കഴിഞ്ഞ് ഭർത്താക്കന്മാർക്കു കീഴ്പ്പെട്ട് ജീവിക്കുന്ന സ്ത്രീകളേക്കാൾ മറ്റു തരത്തിൽ ജീവിക്കുന്ന സ്ത്രീകളിലാണ് ഇത്തരം വ്യാധികൾ പലതും പിടിപെടുന്നത്. ഇതെല്ലാം ആളുകൾ സമ്മതിച്ചാലും ഇല്ലെങ്കിലും വാസ്തവമാണ്. നിഷേധിക്കാനാവാത്ത ധാരാളം വസ്തുതകൾ ഇനിയും നിരത്താം. അവർ ചെയ്യുന്ന

പാപത്തിന്റെ ശിക്ഷയാണ് അവർ അനുഭവിക്കുന്നത് (റോമർ 1:27). സ്ത്രീയായാലും പുരുഷനായാലും തന്റെ പങ്കാളിയോട്, ധാർമ്മികമായി വിശ്വസ്തത പുലർത്തേണ്ട രീതിയിലാണ് ശരീരഘടന രൂപപ്പെടുത്തിയിരിക്കുന്നത്. ആ സത്യത്തെ നിഷേധിച്ച് ലംഘിക്കുമ്പോൾ വേദനയും കുഴപ്പവും അനന്തര ഫലങ്ങളും അനുഭവിക്കാതെ തരമില്ല.

ദൈവം മാത്രമാണ് ദേവം. ഏക സത്യദൈവമേയുള്ളു. മറ്റൊരു ദൈവമില്ല. ദൈവം ഉണ്ട്. അവനാണ് അന്തിമ സത്യം. അവനെ നിഷേധിക്കുന്നത് അന്തിമമായ തെറ്റാണ്. സത്യദൈവത്തെ അറിയാത്തവർ മിഥ്യാദൈവങ്ങളെ അഥവാ ജീവനില്ലാത്ത വിഗ്രഹങ്ങളെ വണങ്ങുന്നു. അതു തെറ്റാണ്. അതിന്റെ അനന്തരഫലം ദൈവം മുന്നറിയിച്ചിട്ടുണ്ട്. നാം അവിശ്വസിച്ചാലും ദൈവം ഉണ്ട് എന്നതിന് മാറ്റം വരുന്നില്ല. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്കു മാറ്റം വരികയില്ല.

അതുകൊണ്ട് ദൈവം അല്ല ചിലർ അനുഗ്രഹിക്കപ്പെടുവാനും മറ്റുചിലർ ശപിക്കപ്പെടുവാനും ഇടയാക്കിയത്. നാം തന്നെയാണ് അല്ലെങ്കിൽ നമ്മുടെ പ്രവൃത്തികളാണ്. നമ്മുടെ ജീവിതത്തിൽ നാം സത്യത്തെ സ്വീകരിച്ചാൽ അതിന്റേതായ ഫലമുണ്ട്. നിരസിച്ചാൽ അതിന് നാശവുമുണ്ട്. നാം അവനെ ഉപേക്ഷിച്ചാൽ അവൻ നമ്മെയും ഉപേക്ഷിക്കും (2 തിമൊഥെയൊസ് 2:12,13). അവന്നു തന്നെത്താൻ ത്യജിക്കാൻ സാധ്യമല്ല. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവിശ്വാസികളോട് അവൻ പറഞ്ഞു "ഞാനോ അവനെ അറിയുന്നു, അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്ക്ക് പറയുന്നവൻ ആകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു" (യോഹന്നാൻ 8:55),

✶

# ബോധ്യമാക്കുന്ന തെളിവ്

ഡുവെയിൻ വാർഡെൻ

യേശു തന്നെ ക്രിസ്തു എന്നും വാഗ്ദാനം ചെയ്ത ദൈവ രാജ്യവും തെളിയിക്കുന്നതാണ് പ്രവചന നിവർത്തീകരണം എന്നു യേശുവും അവന്റെ അപ്പൊസ്തലന്മാരും വ്യക്തമാക്കി യിട്ടുണ്ട്. യേശു ഉയിർത്തെഴുനമ്നേറ്റ ശേഷം തന്റെ ശിഷ്യ ന്മാർക്കു പ്രത്യക്ഷനായി അവരോടുകൂടെ ഭക്ഷിച്ചു. മുൻപു പല പ്പോഴായി അവരെ ഉപദേശിച്ചിട്ടുള്ളതു ഓർമ്മിപ്പിക്കാൻ പറ്റിയ സമയമായിരുന്നു അത്. “പിന്നെ അവൻ അവരോടു: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെ യുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു” (ലൂക്കൊസ് 24:44). പ്രവചന നിവർതീതകരണത്തെ ക്കുറിച്ചു യേശു ശിഷ്യന്മാരോടു പറഞ്ഞതെല്ലാം നമുക്ക് അറിയില്ലെങ്കിലും, നമുക്ക് ഈ പ്രസ്താവനയുണ്ട്. “നിങ്ങൾ തിരി വെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യ ജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ” (യോഹന്നാൻ 5:39) അവ എനിക്കു സാക്ഷ്യം പറയുന്നു.

യേശു അവകാശപ്പെട്ടതിന്റെ ആഴം ഗ്രഹിക്കുവാൻ ശിഷ്യ ന്മാർക്കോ അക്കാലത്തുണ്ടായിരുന്നവർക്കോ കഴിഞ്ഞില്ല. “ഞാനും പിതാവും ഒന്നാകുന്നു” (യോഹന്നാൻ 10:30). ഫിലി പ്പിന്റെ കൈസര്യയിൽ നടന്ന സംഭവം (മത്തായി 16:13 മുതൽ) അതു പ്രശോഭിപ്പിക്കുന്നതായിരുന്നു. അവർ കണ്ടതായ അടയാ ളങ്ങളും കേട്ട ഉപദേശങ്ങളും ശിഷ്യന്മാർക്കു വെല്ലുവിളി ഉയർത്തുന്നതായിരുന്നു. ശിഷ്യന്മാർ ശ്രദ്ധാപൂർവ്വം അതിനു മറു പടി നല്കി. അവർ എന്തായിരുന്നു ചിന്തിച്ചിരുന്നത്? യേശു, ഒരു പക്ഷെ യോഹന്നാൻ സ്നാപകൻ കല്ലറ വിട്ടു വന്നതോ അല്ലെ

ങ്കിൽ ഏലിയാവോ ആയിരിക്കാം എന്നു അവർ വിചാരിച്ചു. അതുകൊണ്ട് യേശു അവരോട് ചോദിച്ചു നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? അതിന്നു പത്രൊസ് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" എന്നു ഉത്തരം പറഞ്ഞു (മത്തായി 16;1516).

ദൈവം ജഡത്തിൽ വന്ന വ്യക്തിയാണ് യേശു എന്നു തീർച്ചപ്പെടുത്തുവാൻ ശിഷ്യന്മാർക്കു എളുപ്പത്തിൽ കഴിഞ്ഞില്ല! നിസ്സാരമായി അവർക്ക് അതു സ്വീകരിക്കാൻ കഴിഞ്ഞില്ല. പുരാതന ലോകത്തിലും ആധുനിക ലോകത്തിലും ആർക്കും എന്തു വേണമെങ്കിലും അവകാശപ്പെടാം. നൂറ്റാണ്ടുകളായി പ്രവാചകന്മാർ വരികയും പോവുകയും ചെയ്തിട്ടുണ്ട്. ബുദ്ധിയും വൈഭവവുമുള്ള ആളുകളെ പിൻപറ്റുവാനും ആളുകൾ കാണും. പ്രവാചകന്മാരെ പരിശോധിച്ച് വിവേചിക്കേണ്ട സമയം ഉണ്ട് (1 യോഹന്നാൻ 4:1). വിശ്വസിക്കേണ്ട തെളിവു കൂടാതെ യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുവാനല്ല ദൈവം പറഞ്ഞത്. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തിനു പുറമെ യേശു അത്ഭുതം ചെയ്യുകയും അതോടൊപ്പം തിരുവെഴുത്തുകളെ പരിശോധിക്കുവാനും കർത്താവു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 5:33-36).

"ദൈവശ്വാസിയമാണ് തിരുവചനം (2 തിമൊഥെയൊസ് 3:16) യേശു ദൈവപുത്രനാണെന്നു പ്രഖ്യാപിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ചരിത്രത്തിൽ അതു മുൻകൂട്ടി അറിയിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടാനാവില്ല. ദൈവം ശ്വസിച്ചു നല്കിയ അരുളപ്പാടുകൾ വിശ്വസനീയമത്രെ. ദൈവം സത്യവാനാണ്. അവന്റെ അരുളപ്പാടുകളും സത്യമാണ്. ആത്മാവ് അഥവാ സത്യത്തിന്റെ ആത്മാവ് ശിഷ്യന്മാർക്കു നല്കി, അവർ ആ സത്യവചനം പ്രസംഗിക്കയും രേഖപ്പെടുത്തുകയും ചെയ്തു. ദൈവത്തിന് ഭോഷ്ക്ക് പറയാൻ സാധ്യമല്ല (യോഹന്നാൻ 17:17). തിരുവെഴുത്തിലെ വസ്തുതകൾ, പ്രസ്താവനകൾ, കല്പനകൾ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ഓരോരുത്തരുടേയും

പ്രയോജനത്തിനാണ്. പ്രവാചകന്മാർ ക്രിസ്തുവിനെക്കുറിച്ചു മുൻപറഞ്ഞിരിക്കുന്നതും ക്രിസ്തു വന്നു വെളിപ്പെടുത്തിയതും യാഥാർത്ഥ്യബോധത്തോടെ ആളുകൾ സ്വീകരിക്കണം. ക്രിസ്തു തന്റെ സഭയെക്കുറിച്ചും വ്യക്തമാക്കി. പ്രവചനങ്ങൾ ക്രിസ്തുവിൽ കുടെ നിറവേറിയത് അപ്പൊസ്തലന്മാരും രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 24:44).

അഗ്രിപ്പാ രാജാവിനോടും അവിടെയുണ്ടായിരുന്ന യെഹൂദന്മാരോടും അപ്പൊസ്തലനായ പൗലൊസ് കൈസര്യയിൽ വെച്ചു സംസാരിച്ചു. “ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസ്യ യോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്ത്?” (പ്രവൃത്തികൾ 26:8). പൗലൊസിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ധ്വനി വ്യക്തമാണ്. തെളിവുകളോടെ പ്രഖ്യാപിക്കപ്പെടുന്ന സത്യത്തെ അവർ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? തിരുവെഴുത്തിനെ അവിശ്വസിക്കുന്നവർ കാരണം ബോധിപ്പിക്കണം. സൃഷ്ടികർത്താവായ ദൈവം ഉണ്ട് എന്ന സത്യം അന്ധമായി വിശ്വസിപ്പിക്കയല്ല ദൈവം ചെയ്യുന്നത്. പിന്നെയോ തന്റെ പ്രവൃത്തികൾ അതാണ് തെളിയിക്കുന്നത്. ആളുകൾ യേശു ആരാണെന്ന് അറിയാതെ എങ്ങനെ ഏറ്റുപറയും. ദൈവം ജഡമെടുത്ത് മനുഷ്യനായി ഭൂമിയിൽ ജീവിച്ചു. മുന്നറിയിച്ച തിരുവെഴുത്തിൻ പ്രകാരം അവൻ ജനിക്കുകയും ജീവിക്കുകയും മരിക്കയും ചെയ്തു. തിരുവചനം വിശ്വസനീയമെന്നാണ് അതു തെളിയിക്കുന്നത്. ദൈവം തന്റെ ജനങ്ങളോട് സംസാരിക്കുന്നത് ഈ വചനം മുഖാന്തരമാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ നാം പൂർണ്ണമായി വിശ്വസിക്കണം.

ഇതെല്ലാം പറഞ്ഞതിൽ നിന്നു പഴയനിയമ ഭാഗങ്ങൾ പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നതെല്ലാം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനം ആണെന്നു ധരിക്കരുത്. മറ്റു പ്രവചനങ്ങളും അടങ്ങുന്നുണ്ട്. അവ നമ്മുടെ ബുദ്ധി ഉപദേശത്തിനും പ്രത്യാശക്കും ആയിട്ടാണ് നല്കിയിരിക്കുന്നത്. ഉദാഹരണമായി

പൗലൊസ് എഴുതുന്നു. "അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിച്ചിരിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ" (റോമർ 13:8). ഹോശേയ 11:1 മത്തായി ഉദ്ധരിക്കുന്നുണ്ട്. "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻഅവനെ സ്നേഹിച്ചു. മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. പഴയ നിയമ ഉദ്ധരണിയിൽ കുടെ ആധുനിക ജനത്തിനു യേശുവിന്റെ വരവ് വ്യക്തമാക്കിക്കൊടുക്കുകയായിരുന്നു മത്തായിയുടെ ലക്ഷ്യം.

പുരാതനകാലത്തു സംഭവിച്ചതും പുതിയ നിയമകാലത്ത് ആളുകൾ തുടരുന്നതുമായ കാര്യങ്ങളും ഇത്തരം പ്രവചനഭാഗങ്ങൾ ചൂണ്ടിക്കാണിക്കുവാൻ പ്രേരകമാകുന്നുണ്ട്. ഉദാഹരണമായി യിസ്രായേൽ ജനം ഉത്സവത്തിൽ അവരുടെ ഹൃദയം കഠിനമാക്കി. അതുപോലെ ഹൃദയം കഠിനമാക്കരുത് എന്ന് ഓർമ്മിപ്പിക്കവാൻ പഴയനിയമ വേദഭാഗം ഉദ്ധരിക്കുന്നുണ്ട്. നേരെ മറിച്ച് ക്രിസ്തുവിന്റെ യാഗത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുവാൻ പഴയനിയമ യാഗങ്ങളെക്കുറിച്ചു എബ്രായലേഖനത്തിൽ പറയുന്നുണ്ട് "ഹനനയാഗവും വഴിപാടും നീ ഇഛിച്ചില്ല എന്നാൽ ഒരു ശരീരം നീ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്നു സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു, ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു. ന്യായപ്രമാണ പ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും നീ ഇഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു" (എബ്രായർ 10:5-8).

★

# ഭയത്തെ അതിജീവിക്കൽ

## ഭയത്തിന്റെ തളർത്തുന്ന സ്വാധീനം

"യഹോവാ ഭക്തി", ശലോമോൻ എഴുതി, "ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദൃശ്യവാക്യങ്ങൾ 1:7). ഇതു ആരോഗ്യകരമായ ഭയമാണ്, ആദരവും ബഹുമാനവും രാജാവിനോടും അവന്റെ നീതിയോടും ന്യായവിധിയോടുമുള്ള ബഹുമാനത്തിന് "ദൈവത്തെ ഭയക്കുക" എന്നതു ബൈബിൾ സംബന്ധമായ ശുപാർശയാണ്; എന്നാൽ പൗലൊസ് എഴുതി, പരിശുദ്ധാത്മാവും ഓർമിപ്പിച്ചിരിക്കുന്നു (റോമർ 3:18). വാസ്തവത്തിലുള്ള ദൈവ ഭയം ആരോഗ്യകരമാണ്. കാരണം അതു ഒരാളെ ശരിയായതു ചെയ്യാൻ പ്രേരിപ്പിക്കുന്നു.

എന്നാൽ മറ്റു ഭയങ്ങൾ അനാരോഗ്യകരമത്രേ. ഈ ഭയങ്ങൾ തളർത്തുകയും അവരെ ആത്മീയമായി ചലിക്കാതാക്കുകയും ചെയ്യും. മനുഷ്യവർഗ്ഗത്തിൽ ചില അംഗങ്ങളെ വലിയ ഭയത്താൽ മരവിപ്പിക്കും "അവരുടെ വഴികളിൽ" ഈ ആത്മീയ തളർച്ചക്കു കാരണം സാത്താൻ തന്നെയാണ്. എബ്രായ ലേഖകൻ പറയുന്നു "മരണ ഭയം" ആണ് ആളുകളെ ആയുഷ്ക്കാലമൊക്കെയും അടിമത്തത്തിലാക്കുന്നത് (എബ്രായർ 2:18). അത്തരം ഭയം മനുഷ്യരുടെ മനസ്സിൽ വരികയും, അങ്ങനെ നാശകരമായി മനസ്സിനെ തിരിക്കയും ചെയ്യും. തന്റെ മക്കളുടെ മനസ്സിന്റെ-കേന്ദ്രശ്രദ്ധ മാറ്റുവാനാണ് യേശു വന്ന് ഭയത്താൽ ചലിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിൽ നിന്നു ധൈര്യത്തോടെ വിജയിക്കുന്ന അവസ്ഥയിലേക്കു മാറ്റുന്നു. മനസ്സിന്റെ-ചിന്തയുമായി ബന്ധപ്പെട്ട ഇതിനെ സാങ്കേതികമാക്കി മാത്രമാണ് ദൈവത്തിന്റെ വിശുദ്ധൻ, എതിർപ്പിലേക്കു, കഷ്ടതയുടേയും, ഉപദ്രവത്തിന്റേയും മദ്ധ്യത്തിൽ സ്വതന്ത്രമായി സേവനയത്നം നടത്തുന്നത്.

**തൊഴിലുടമയുടെ ഭയത്തിൽ നിന്നു സ്വാതന്ത്ര്യം**

ഭയത്തെ അതിജീവിക്കാൻ വിശുദ്ധനു ദൈവം രൂപപ്പെടുത്തിയ ദൈവശ്വാസീയമാണ് പുതിയ നിയമത്തിലെ ചെറിയ പുസ്തകമായ പത്രൊസ് "കഷ്ടപ്പെടുമ്പോഴും എങ്ങനെ സന്തോഷിക്കാം? നാം നേരിടുന്ന ഒരു ഭയം "തൊഴിലുടമയെ ഭയക്കുന്നതാണ്ണ്. "ദാസന്മാർക്ക്" പത്രൊസ് എഴുതി; ദാസന്മാർ, അല്ലെങ്കിൽ ഒട്ടുമോ നിയന്ത്രണം ഉണ്ടാവില്ല. ഏറ്റവും അധികമായി, പിന്നെ, ജോലിസാഹചര്യം അടിമത്വമാണ്; മറ്റു ജോലിക്കാർക്കെല്ലാം ദാസന്മാരേക്കാൾ നല്ല അന്തരീക്ഷമാണുള്ളത്. പ്രോത്സാഹനവും നിർദ്ദേശവും ലഭിക്കുന്നതായി പത്രൊസ് എഴുതിയിരിക്കുന്നു.

"വേലക്കാരെ," അവൻ പറഞ്ഞു. "പൂർണ്ണ ഭയത്തോടെ യജമാനന്മാർക്കു, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കും കുടെ കീഴടങ്ങിയിരിപ്പിൻ" [1 പത്രൊസ് 2:18]. ചില യജമാനന്മാർക്ക് അല്ലെങ്കിൽ ചില തൊഴിലുടമകൾക്കു കീഴിൽ ജോലി ചെയ്യുന്നതു പ്രയാസമാണെന്നു ദൈവത്തിനറിയാം. എല്ലാ ക്രിസ്ത്യാനികളും സ്വതന്ത്രരാവും അല്ലെങ്കിൽ ജോലിക്കാരായ െല്ലാ ക്രിസ്ത്യാനികൾക്കും നല്ല തൊഴിലുടമ ലഭിക്കും എന്നും അവൻ ഉറപ്പ് നല്കിയിട്ടില്ല - ക്രിസ്തുവിന്റെ പ്രതിനിധിക്ക് അവൻ നല്കുന്നതു, തരംതാഴ്ന്ന സാഹചര്യത്തിലും എങ്ങനെ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം നല്കിയിരിക്കയാണ്.

ചിലപ്പോൾ ക്രിസ്തീയ വേലക്കാരനോട് അവന്റെ മേലുദ്യോഗസ്ഥൻ മോശമായി പെരുമാറുകയും ചെയ്തു. ഈ സാഹചര്യത്തിൽ പത്രൊസ് പറയുന്നു അത്തരം യജമാനന്മാരോട് "ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദമാകുന്നു" (1 പത്രൊസ് 2:19). അപ്പൊസ്തലൻ ആദ്യം മനസ്സാക്ഷിയിലേക്കു

വിരൽചൂണ്ടുന്നു. അയാളുടെ അന്യായത്തിനു ക്രിസ്ത്യാനി ക്രിയാത്മകമായി പ്രതികരിച്ചില്ലെങ്കിൽ അവന്റെ മനസാക്ഷി അവനെ അലട്ടികൊണ്ടിരിക്കും. അതുകൊണ്ട് മനസ്സാക്ഷിയെ ശക്തിപ്പെടുത്തണം, മനോവീര്യം വർദ്ധിപ്പിക്കണം, സ്ത്രീയാ യാലും പുരുഷനായാലും ദൈവം പറഞ്ഞത് അറിയണം "നിങ്ങൾക്ക് അത് കൈകാര്യം ചെയ്യാൻ കഴിയുയും. ഒഴികഴിവോ ഒഴിഞ്ഞുമാറലോ ഇല്ല! "നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളു ന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു?" ഒരു ക്രിസ്ത്യാനി പാപം ചെയ്തിട്ട് ശിക്ഷിക്കപ്പെട്ടാൽ, അയാൾക്കു അർഹമായതാണ് കിട്ടി യത്. "അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവ ത്തിനു പ്രസാദം" (1 പത്രൊസ് 2:20). രണ്ടാമത്തെ ക്രിയാത്മക മായ പോയിന്റ് അപ്പൊസ്തലൻ പറയുന്നതു എന്തെന്നാൽ അന്യായം സഹിക്കുന്നതിനായി കഷ്ടതയേറ്റാൽ അതിനു സ്വർഗ്ഗീയ പ്രതിഫലമുണ്ട്. സഹോദരനോ സഹോദരിയോ വെല്ലു വിളി നേരിടുമ്പോൾ ഇത് വിശ്വാസത്തെ വിസ്തൃതമാക്കും; ഭൗതി കമായി പ്രതിഫലം അല്ല, സ്വർഗ്ഗീയമായ പ്രതിഫലമാണ്. ക്രിസ്തു വിന്റെ അനുയായിക്കു ഈ ലോകജീവിതത്തിനു അപ്പുറം നോക്കുവാൻ വിശ്വാസമുണ്ടോ, സ്വർഗ്ഗീയ പ്രതിഫലങ്ങളിൽ ആവേശം കൊള്ളുവാൻ കഴിയുന്നുണ്ടോ? വീണ്ടും, ഇതിന് മന സ്സിന്റെ-ശ്ര ദ്ധ അത്യാവശ്യമാണ്, എന്നാൽ ക്രിസ്തുവിന്റെ ശിഷ്യൻ തന്റെ ചിന്ത മുകളിലേക്ക് ഉയർത്തുന്നു. യേശുവിന്റെ ഈ വാക്കുകൾ കഷ്ടപ്പെടുന്ന വിശുദ്ധനെ സഹായിക്കുവാൻ മുഴങ്ങി കേൾക്കുന്നു: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കു ന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കു ന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും" (യോഹന്നാൻ 12:25,26).

ഭൂമി സൃഷ്ടിച്ചതിനും ഓരോ വ്യക്തിയെ സൃഷ്ടിച്ചതിനും ഓരോ സ്ഥാനത്താക്കിയതിനും വലിയവനായ ദൈവത്തിന്നു അവന്റേതായ ഉദ്ദേശങ്ങൾ ഉണ്ട്. തിരുവെഴുത്ത് സത്യസന്ധമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. പുറമെയുള്ള സാഹചര്യം എന്തായാലും ക്രിസ്ത്യാനിയിൽ ക്രിസ്തുവിന്റെ വചനം കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. "ഈ ഉദ്ദേശത്തിനായി നിങ്ങളെ വിളിച്ചിരിക്കുന്നു" പത്രൊസ് വിവരിച്ചിരിക്കുന്ന, യജമാനന്മാരുടെ കൈയ്യിൽ നിന്നും ദാസന്മാർ മോശമായ പെരുമാറ്റം ഏറ്റുവാങ്ങുന്നു. അവൻ കൂട്ടിച്ചേർക്കുന്നു, "ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു പോയിരിക്കുന്നു." (1 പത്രൊസ് 2:21). ഇതാ വീണ്ടും കർത്താവും പത്രൊസും യേശുവിനെ പിന്തുടരുവാൻ പറയുന്നു. എന്താണ് ആ മാതൃക? "ആരാണ് പാപം ചെയ്യാതിരിക്കുന്നത്" ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ മൃഗീയമായി മർദ്ദിക്കപ്പെട്ടെങ്കിലും അവർ അവർ പാപം ചെയ്തില്ല. ക്രിസ്തുവിന്റെ മാതൃക തുടർച്ചയായി പിന്തുടരുന്നതോ? മീൻ പിടിക്കുന്നവൻ - അപ്പൊസ്തലനായി തീർന്നവൻ പറഞ്ഞു, "അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ഇരുന്നു" (1 പത്രൊസ് 2:22,23).

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro. P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378